മിസ്റ്റർ പറമ്പി ലോനപ്പൻ: വേണമെന്നോ വേണ്ടെന്നോ തീച്ച്യയാക്കീട്ടില്ല. വേണമെന്നുണ്ടെങ്കിൽ ഉടനെ തീച്ച്യാക്കും.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റോഫ്: ക്വസ്റ്റ്യൻ-ൽ ആലോചനക്കുവന്നതു് ക്വസ്റ്റ്യൻ 8 ആയിട്ടും ഇതുവരെ അതിനെപ്പറ്റി അനേഷിച്ചിട്ടില്ലേ? നാലരക്കൊല്ലത്തോളമായിട്ടും വേണമെന്നോ വേണ്ടെന്നോ തീച്ച്യാക്കുവാൻ സാധിച്ചിട്ടില്ലെന്നാണോ പറയുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അത്ര അത്യാവശ്യമാണെങ്കിൽ വല്ല ഹർജികളോ അപേക്ഷകളോ വരുമായിരുന്നു.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: നിവേദനമില്ലാത്തതുകൊണ്ടാണോ ഡിസ്പെൻസറി ആവശ്യമില്ലെന്നു തീച്ച്യാക്കിയതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഒന്നും തീച്ച്യാക്കീട്ടില്ല. അത്യാവശ്യമുള്ളതാണെന്നു പിന്നീട് ഹർജികളോ നിവേദനങ്ങളൊ ഉണ്ടായിട്ടില്ലാത്തതുകൊണ്ടു് അതു റിക്കാർഡുചെയ്തിട്ടുള്ളതാണു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: അതു് ഏറ്റവും അത്യാവശ്യമാണെന്നു് നിവേദനം ചെയ്താൽ അനുവദിച്ചുകൊടുക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അത്യാവശ്യമാണെന്നു ബോദ്ധ്യമായാൽ കൊടുക്കാം.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ചേന്ദമംഗലത്തുള്ള ഡാക്ടർ പറവൂക്കു പോയി ചികിത്സ നടത്താമല്ലോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഏറ്റവും അത്യാവശ്യമാണെന്നുകണ്ടാൽ പോയി ചികിത്സ നടത്തുവാൻ വഴിയുണ്ടു്.

മിസ്റ്റർ എം. ഐ. പോൾ: ഏതെങ്കിലും ഒരു അപേക്ഷ ഗവമ്മെണ്ടു മുമ്പാകെ വന്നാൽ അതനുസരിച്ചു് വേണ്ട പ്രവൃത്തികൾ നടത്തുന്നതിനുമുമ്പായിട്ടു് വേറെ എത്ര അപേക്ഷകളും നിവേദനങ്ങളും വരണം?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനു മറുപടി പറയുവാൻ പ്രയാസമാണു്.

മിസ്റ്റർ എം. ഐ. പോൾ: പിന്നീടു് ഹർജികളും നിവേദനങ്ങളും ഇല്ലെന്നു പറഞ്ഞു.

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ എം. ഐ. പോൾ: പിന്നീടും വേണമെന്നു നിർബ്ബന്ധമാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നിർബ്ബന്ധമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: അതിന്മേൽ ഗവമ്മെണ്ടു എന്തു നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു്. (സി. യിൽ) എന്നുള്ള ചോദ്യത്തിനു് നിവേദനങ്ങളും ഒന്നും ഗവമ്മെണ്ടിനു ലഭിച്ചിട്ടില്ല എന്നാണു് മറുപടി പറഞ്ഞിരിക്കുന്നതു്. ഇതു് എന്തു നടപടി നടത്തിയെന്നുള്ള ചോദ്യത്തിനു ശരിയായ സമാധാനമാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: റിക്കാർഡുചെയ്തുവെന്നുള്ളതാണു് അതിന്റെ സമാധാനം. അതിനുശേഷം നിവേദനങ്ങളൊന്നും കിട്ടീട്ടില്ല എന്നു കൂടുതലായി വേറെ ഒരു ഇൻഫർമേഷനുംകൂടി തരികയാണു്.

DISTRIBUTION OF YARN TO CERTAIN CO-OPERATIVE SOCIETIES

132. മിസ്റ്റർ കെ. എസ്സ്. പണിക്കർ:

(എ) കഴിഞ്ഞ മേടം, എടവം ഈ മാസങ്ങളിൽ എരവത്തൊടി, കുത്താമ്പിള്ളി, ഈ വീവിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലേക്കു് എത്ര നൂലു വീതം കൊടുത്തിട്ടുണ്ടു്;

(ബി) എവിടെനിന്നാണു് ആ നൂല് കൊടുത്തതു്;

(സി) ആരുടെ പേരിലാണു ആ നൂലു ചിലവുചെയ്തു കാണുന്നതു്;

(ഡി) നൂലു വാങ്ങുന്നതിനു മറ്റു വീവിങ്ങ് ഇൻസ്റ്റിറ്റ്യൂഷൻസ് അപേക്ഷ കൊടുക്കാനുള്ള തരത്തിൽ അപേക്ഷ ഈ സംഗതികളിൽ ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) എരവത്തൊടി സംഘം
മേടം— ൻ ബെയിൽ
എടവം— ന്യ ബെയിൽ.
കുത്താമ്പിള്ളി സംഘം
മേടം— ഫ ന്ന $\frac{1}{2}$ ബെയിൽ
എടവം— ര ബെയിൽ ന ൻ ബണ്ടിൽ.

(ബി) തൃശ്ശിവപേരൂർ സെട്രൽ മാക്കറ്റിങ്ങ് സംഘത്തിൽനിന്നും.

(സി) എരവത്തൊടി കുത്താമ്പിള്ളി സംഘങ്ങളുടെ പേരിലാണു് ചിലവെഴുതിയിരിക്കുന്നതു്. സംഘങ്ങൾം കാർഡ് ഉടമസ്ഥന്മാക്കു് നൂൽ വിതരണം ചെയ്തിട്ടുണ്ടു്.

(ഡി) ഉണ്ടായിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: സർ, മേടം, ഇടവം ഈ മാസങ്ങളിൽ മറ്റു ഏതെങ്കിലും വീവിംഗ് സൊസൈറ്റികൾക്കു് കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഒരു സൊസൈറ്റിക്കുകൂടി കൊടുത്തിട്ടുണ്ടെന്നാണു് തോന്നുന്നതു്. അതു് ഏതാണെന്നു പറയുവാൻ വയ്യാ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഏതു സൊസൈറ്റിക്കാണെന്നു നോക്കി പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: കുത്താംപിള്ളി സംഘത്തിനു നൂലു കിട്ടുവാനായിട്ടു് അപേക്ഷിച്ചിട്ടുള്ളതു് ഏതെല്ലാം തിയ്യതികളിലാണു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടിസ്സു വേണം.

മിസ്റ്റർ എം. കെ. രാജാ: കന്നംകുളം ഹോം ഇൻഡസ്ട്രീസ് ഡവലപ്പ്മെൻറ് കൊ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽനിന്നു നൂലു വിതരണത്തിനായി നൂൽ അനുവദിക്കുവാൻ വല്ല അപേക്ഷയും കിട്ടിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടിസ്സു വേണം.

മിസ്റ്റർ എം. കെ. രാജാ: അങ്ങിനെ വല്ല അപേക്ഷകളും കിട്ടിയോ൦ മൻപറഞ്ഞ കൊ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കു നൂൽ വിതരണത്തിനു കൊടുത്ത ന്യായത്തിന്മേൽ ആ സൊസൈറ്റിക്കും നൂൽ വിതരണം ചെയ്തുകൊടുക്കുമെന്നു വിശ്വസിക്കാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ന്യായമെങ്ങിനെയാണെന്നു ഞാൻ നോക്കീട്ടില്ല. അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: നിയമസഭാവോട്ടർമാരല്ലാത്ത ഏതെങ്കിലും ആൾ ഉടമസ്ഥനു കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം.

CULTIVATION—NELLIAMPATHI HILLS

133. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) നെല്ലിയാമ്പതി മലയിൽ തുടങ്ങീട്ടുള്ള പച്ച കൃഷിത്തോട്ടം ഫ ഫ വ ഠ-ൽ കൃഷി ഡയറക്ടർ എത്ര തവണ സന്ദർശിച്ചിട്ടുണ്ടു്; അതു ഏതേതു മാസം, തിയ്യതികളിലാണു്;

(ബി) പ്രസ്തുത തോട്ടത്തിൽ പഞ്ചായത്തു് അസിസ്റ്റൻറ് എഞ്ചിനീയർ അവർകൾ എപ്പോഴെങ്കിലും പോയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതേതു് മാസം, തിയ്യതികളിൽ, എന്തിനു പോയി;

(സി) പ്രസ്തുത തോട്ടത്തിൽ പ്രത്യേകമായി ഒരു ഓവർസിയരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണു്;

(ഡി) ഗ്രാമോദ്ധാരണ മന്ത്രിയായിരുന്ന മിസ്റ്റർ ടി. കെ. നായർ ഫ ഫ വ ഠ-ൽ ഈ തോട്ടം എത്ര തവണ സന്ദർശിച്ചിട്ടുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) കൃഷി ഡയറക്ടർ ഫ ഫ വ ഠ-ൽ ഒമ്പതവണ സന്ദർശിച്ചിട്ടുണ്ടു്. സന്ദർശിച്ച തിയ്യതികളെപ്പറ്റി അനുബന്ധിച്ചിരിക്കുന്ന ലിസ്റ്റു് നോക്കുക. *(Appendix)*

LIBRARY ARCHIVES Kerala Legislative Assembly